(ബി) എങ്കിൽ എപ്പോൾ; എന്തടിസ്ഥാനത്തിൽ എന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്റ്റേ വെക്കേറ്റു ചെയ്യുവാൻ വൈദ്യുതി ബോർഡ് എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സ്റ്റേ വെക്കേറ്റു ചെയ്യുവാൻ വൈദ്യുതി ബോർഡ് എന്നെല്ലാം കോടതിയെ സമീപിച്ചുവെന്നും ഓരോ പ്രാവശ്യവും കോടതി ഉത്തരവ് എന്തായിരുന്നു വെന്നും സ്റ്റേ എന്ന് വെക്കേറ്റുചെയ്തുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥലവാസികൾ പാറ പൊട്ടിക്കുന്നതിനെതിരെ നൽകിയ കേസിനോട നുബന്ധിച്ച് കോടതി സ്റ്റേ നൽകിയിട്ടുണ്ട്. സ്റ്റേ നിലനിന്നിരുന്ന കാലയളവ് 9/85 മുതൽ 7/86 വരെയും 8/86 മുതൽ 2/87 വരെയും ആയിരുന്നു.

(സി ആന്റ് ഡി) വയനാട്ടിലെ സുൽത്താൻ ബത്തേരി സബ് കോടതിയിൽ നിന്നും കേരള ഹൈക്കോടതിയിൽ നിന്നും വൈദ്യുതി ബോർഡിന് അനുകൂലമായി വിധി സമ്പാദിച്ചു. റിവ്യൂ ഫയൽ ചെയ്യേണ്ടി വന്നില്ല.

കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ കരാർ റദ്ദാക്കിയ നടപടി

27 [184] ശ്രീ. ഡി. സുഗതൻ :
,, എം. പി. ഗംഗാധരൻ :
,, പി. ടി. തോമസ് :
,, കെ. മുഹമ്മദാലി :
,, എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ പണിക്കുള്ള ടെണ്ടർ വിളിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; അതിന്റെ പണി എന്ന് അവാർഡ് ചെയ്തു;

(ബി) പ്രസ്തുത പദ്ധതിയുടെ പണി എത്ര ശതമാനം പൂർത്തിയായി;

(സി) ഓരോ പണിയും പൂർത്തിയായതാണെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ കരാർ ബോർഡ് റദ്ദാക്കിയിരുന്നോ; എങ്കിൽ എന്ന്; അതിനുള്ള കാരണം എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്രകാരം ചെയ്യുന്നതിനു മുമ്പ് സംസ്ഥാന നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എഫ്) പ്രസ്തുത കരാർ റദ്ദാക്കിയതു സംബന്ധിച്ച് കരാറുകാരൻ ഹൈക്കോടതിയെ സമീപിച്ചിരുന്നുവോ; കോടതി ഉത്തരവ് എന്തായിരുന്നു; അതിൻമേൽ അപ്പീൽ നൽകിയിരുന്നുവോ; അപ്പീൽ നൽകുന്നതു സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം എന്തായിരുന്നു; അപ്പീൽ അനുവദിച്ചുവോ;

(ജി) ഇല്ലെങ്കിൽ അതിൽ സുപ്രീം കോടതി പറഞ്ഞ ന്യായമെന്ത്;

(എച്ച്) ഇതുമൂലം എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായി വന്നിട്ടുണ്ടോ; എങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ഒറിജിനൽ എസ്റ്റിമേറ്റിനേക്കാൾ എത്ര തുക കൂടുതലായിരുന്നു വെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മെയിൻ ഡാമിന്റെ പണികൾക്കുള്ള ടെൻഡർ 1980 ജനുവരി മാസത്തിലാണ് വിളിച്ചത്. 1-7-1981-ന് വർക്ക് അവാർഡ് ചെയ്തു.

(ബി) ഏകദേശം 90 ശതമാനം പണികൾ പൂർത്തിയായി.

(സി) പദ്ധതിക്ക് ആവശ്യമായ ആറ് സാഡിൽ ഡാമുകൾ, കൺട്രോൾ ഷാഫ്റ്റ്, ടണൽ, റീപ്ലേയ്സ്മെന്റ് റോഡുകൾ 1-ഉം 2-ഉം മുതലായവ പൂർത്തിയായി. മെയിൻ ഡാമിന്റെ 90%-വും സ്പിൽവേയുടെ 15%-ഉം പണികൾ പൂർത്തിയായി.

(ഡി) 4-7-1997-ൽ കരാർ റദ്ദാക്കി. ലേബർ എസ്കലേഷൻ സംബന്ധിച്ച തർക്കം കാരണം 6/95-ൽ കരാറുകാരൻ പണികൾ നിർത്തിവച്ചു. കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിരുന്നു. എന്നാൽ ഹൈക്കോടതിയുടെ താല്ക്കാലിക വിധി കരാറുകാരൻ, നടപ്പിലാക്കാത്ത സാഹചര്യത്തിൽ വൈദ്യുതി ബോർഡ് കരാർ റദ്ദാക്കി.

(ഇ) ഇപ്രകാരം ചെയ്യുന്നതിനു മുമ്പ് വൈദ്യുതി ബോർഡിന്റെ ജില്ലാ ജഡ്ജിയുടെ പദവിയിലുള്ള നിയമോപദേഷ്ടാവിന്റെയും സ്റ്റാൻഡിംഗ് കൗൺസലിന്റെയും ഉപദേശം ആരാഞ്ഞിരുന്നു.

(എഫ് ആന്റ് ജി) പരാതിക്കാരൻ സമർപ്പിച്ചിരുന്ന കേസുകളിൽ മേൽ (ഒ.പി. 283/93,1075/97) 2-4-98-ൽ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച വിധി പ്രകാരം കരാർ അവസാനിപ്പിച്ച ബോർഡ് നടപടി റദ്ദ് ചെയ്യുകയും കരാറുകാരൻ സമർപ്പിച്ച ബില്ലുകൾ പ്രകാരമുള്ള തുകകൾ കൊടുക്കുവാനും ലേബർ എസ്കലേഷൻ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ച് തുക കൊടുക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഹൈക്കോടതി വിധിക്കെതിരെ വൈദ്യുതി ബോർഡ് സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തു. അപ്പീൽ ഫയൽ ചെയ്യുന്നതിന് മുമ്പ് ബോർഡിന്റെ നിയമോപദേഷ്ടാവിന്റെ അഭിപ്രായം തേടിയിരുന്നു. അദ്ദേഹം ന്യൂഡൽഹിയിലെ സീനിയർ അഡ്വക്കേറ്റ് ശ്രീ. പരാശരന്റെ അഭിപ്രായം ആരായുകയും ചെയ്ത ശേഷമാണ് അപ്പീൽ ഫയൽ ചെയ്തത്.

പ്രസ്തുത കേസ്സിൽ സുപ്രീം കോടതി 19-7-2000-ൽ പുറപ്പെടുവിച്ച വിധിയിൽ ഡിവിഷൻ ബെഞ്ചിന്റെ വിധിയിലെ 18% പലിശയ്ക്ക് പകരം 9% നൽകിയാൽ മതിയെന്ന ഭേദഗതിയോടെ അംഗീകരിച്ചു. വൈദ്യുതി ബോർഡ് ഈ വിധിക്കെതിരെ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ കോടതി തള്ളി.

(എച്ച്) ഉണ്ട്. മെയിൻ ഡാമിന്റെയും സ്പിൽവേയുടേയും ശേഷിക്കുന്ന പണികൾക്ക് എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. ഇതുമൂലം 5.91 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കെ.എസ്.ഇ.ബി. മസ്ദൂർ (വർക്കർ) പി.എസ്.സി. റാങ്ക് ലിസ്റ്റ്

28 [185] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 15-6-2002-ന് നിലവിൽ വന്ന കെ.എസ്.ഇ.ബി. മസ്ദൂർ (വർക്കർ) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും പാലക്കാട് ജില്ലയിൽ എത്ര പേർക്ക് നിയമനം ഇതേ വരെ നടത്തി; എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 276 പേർക്ക് നിയമനം നൽകി. 14 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സാധാരണഗതിയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി മൂന്ന് വർഷമാണ്.

LIBRARY ARCHIVES Kerala Legislative Assembly